ॐ



യേന യാവാൻ യഥാƒധർമ്മോ ധർമ്മോ വേഹ സമീഹിത:
സ ഏവ തത്ഫലം ഭുങ്ക്തേ തഥാ താവദമുത്ര വൈ (6-1-45)
ഏഷ പ്രകൃതി സംഗേന പുരുഷസ്യ വിപര്യയ:
ആസീത് സ ഏവ നചിരാദീശസംഗാദ്വിലീയതേ (6-1-55)

ശുകമുനി തുടർന്നു: യമഭടന്മാർ വിഷ്ണുദൂതരെ ചോദ്യം ചെയ്തു. നിങ്ങളാരാണ്? യമധർമ്മ മനുഷ്ഠിക്കുന്നതിൽ ഞങ്ങൾക്ക് തടസ്സം നിൽക്കുന്നതെന്തുകൊണ്ട്? ഭഗവൽദൂതന്മാർ പുഞ്ചിരിച്ച് മറുചോദ്യം ചോദിച്ചു. നിങ്ങൾ യമരാജഭടന്മാരെങ്കിൽ മരണശേഷം ആർ എങ്ങിനെ ശിക്ഷിക്കപ്പെടുന്നു എന്നു പറഞ്ഞു തന്നാലും.

യമദൂതർ പറഞ്ഞു: ധർമ്മശാസ്ത്രങ്ങൾക്കനുസരിച്ച് സദ്‌വൃത്തികളെയും പാപപ്രവൃത്തികളെയും തരം തിരിച്ചിട്ടുണ്ട്. ഇഹലോകത്തിൽ പഞ്ചഭൂതങ്ങളും, സൂര്യചന്ദ്രന്മാരും, കാലവും എല്ലാം മനുഷ്യകർമ്മങ്ങൾക്കു സാക്ഷികളത്രെ. മനുഷ്യന് ഇഷ്ടമുള്ള കർമ്മം ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. ഇഹലോകത്തിലെ സദ്‌വൃത്തികളേയും ദുർവൃത്തികളേയും അനുസരിച്ചാണ് പരലോകത്തിലെ അവന്റെ ഗതി. അതുകൊണ്ട് നന്മതിന്മകളാൽ ഒരുവൻ നയിച്ച ജീവിതത്തിന്റെ രീതിക്കനുസൃതമായി അവന് പരലോകത്തിൽ നല്ലതും ചീത്തയുമായ അനുഭവങ്ങൾ ഉണ്ടാവുന്നു. എങ്ങുംനിറഞ്ഞു വിളങ്ങുന്ന യമൻ എല്ലാത്തിനും സാക്ഷിയാണ്.

ഒരുവന് സ്വപ്നസമയത്ത് ജാഗ്രതാവസ്ഥയിലെ കാര്യങ്ങളെപ്പറ്റി തീരെ അറിവില്ലാത്തതുപോലെ ജീവന് തന്റെ അവസ്ഥയെപ്പറ്റി ശരിയായ ധാരണ ഇല്ലാതാവുന്നു. ജീവൻ പത്തിന്ദ്രിയങ്ങളും, പഞ്ചപ്രാണനും മനസ്സുമടങ്ങിയ സൂക്ഷ്മശരീരത്തോട് താദാത്മ്യഭാവം പ്രാപിച്ച് കർമ്മങ്ങളോടും അനുഭവങ്ങളോടും മമതയിലാവുന്നു. അതിനാൽ ജീവൻ സൂക്ഷ്മശരീരത്തോടൊപ്പം ഒരോ ജന്മവും കടന്നുപോവുന്നു. അഹംബോധത്തോടെ സൂക്ഷ്മശരീരത്തോട് ആസക്തിയുണ്ടാവുന്നതു മൂലമാണ് ദു:ഖമുണ്ടാകുന്നത്. എന്നാൽ അജ്ഞാനിയായ ജീവൻ ഇതു മനസ്സിലാക്കുന്നില്ല. അങ്ങിനെ കൂടുതൽ കർമ്മങ്ങൾ കൊണ്ട് ദു:ഖമകറ്റാൻ ശ്രമിക്കുന്നു. ഇങ്ങിനെയത് തുടർച്ചയായി പോകുന്നു. അജ്ഞതമൂലമുള്ള ഈ വ്യഥാ താദാത്മ്യഭാവം എല്ലാവരേയും കർമ്മം ചെയ്യാൻ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് ആർക്കും ഒരു നിമിഷവും കർമ്മരഹിതമായി കഴിയാൻ സാദ്ധ്യമല്ലതന്നെ. ഈ സൂക്ഷ്മശരീരം, ശുക്ലാണ്ഡങ്ങളുടെ സഹായത്താൽ ഭൗതീകശരീരമുണ്ടാക്കുന്നു. ജീവന്റെ നിസ്സഹായാവസ്ഥ, സ്വയം ദ്രവ്യങ്ങളുമായിട്ടുള്ള ഏകതാഭാവം കൊണ്ടു തോന്നുന്നതാണ്. എന്നാൽ ജീവൻ ഭഗവാനിലേക്ക് തിരിഞ്ഞു ഭക്തിയുളവാവുമ്പോൾ ഇതിനവസാനമാവുന്നു. ഇതാണ് കർമ്മസിദ്ധാന്തം.

അജാമിളൻ സാത്വീകനായ ബ്രാഹ്മണനായിരുന്നു. എന്നാൽ ഒരിക്കൽ ഒരഭിസാരിക സ്ത്രീയും ഒരു പുരുഷനും ആലിംഗനത്തിലേർപ്പെട്ടതു കണ്ട് കാമത്തിനടിമപ്പെട്ട് സ്വയം ആ സ്ത്രീയുടെ കൂടെ കഴിയാൻ തീരുമാനിച്ചു. അന്നുമുതൽ നന്മയുടേയും ധർമ്മസദാചാരങ്ങളുടേയും മാർഗ്ഗം അയാൾ തുടർന്നില്ല. പാപപങ്കിലമായ ഒരു ജീവിതമാണയാൾ നയിച്ചത്. അതുകൊണ്ട് ഞങ്ങൾ അയാളെ യമരാജനു മുന്നിൽ കൊണ്ടു പോവുന്നു. അവിടെ ഉചിതമായ ശിക്ഷയ്ക്കു വിധേയനായി അയാൾ ശുദ്ധീകരിക്കപ്പെടുന്നതാണ്.